# കേരള സംസ്ഥാന
# ചലച്ചിത്ര പുരസ്കാരം
# ചലച്ചിത്ര രചനാ പുരസ്കാരം

# Kerala State Awards for Malayalam Films & Writings on Cinema

## നിബന്ധനകൾ
## Regulations



# 2024

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി**

**10 ഫെബ്രുവരി 2025, വൈകുന്നേരം 5 മണി**

**Last Date For Submission**

**10th February 2025, 5 PM**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ

# Kerala State Chalachitra Academy

**Department of Cultural Affairs, Government of Kerala**

# Kerala State Awards For Malayalam Films & Writings on Cinema - 2024

## NOTIFICATION

**No.KSCA/G/29/2025** **Date: 06.01.2025**

Entries of Malayalam feature films censored during the calendar year 2024 are invited from producers, as per conditions laid down in the Regulations for the **Kerala State Awards for Malayalam Films and Writings on Cinema 2024,** for selecting films, artistes, technicians etc. for the grant of state awards. Award for the Best Book on cinema in Malayalam published during the calendar year 2024 and for the Best Article on Cinema in Malayalam published in periodicals during the calendar year 2024 are also invited. Application in the prescribed form along with the film/book/article and other relevant materials should reach the Secretary, Kerala State Chalachitra Academy on or before **5 pm on 10th February, 2025.** Application forms and copies of the Regulations can be downloaded from the Academy website **www.keralafilm.com** or can be obtained through post by sending a self addressed envelope with stamp worth Rs. 25/- to the Secretary, Kerala State Chalachitra Academy, Sathyan Memorial Building, Kinfra Film & Video Park, Sainik School P.O., Kazhakuttom, Thiruvananthapuram - 695 585 or can be obtained directly from the City Office, Archana Building, Near St.Joseph's School, Statue Road, Thiruvananthapuram - 695 001.

**Secretary** (Sd/-)

## വിജ്ഞാപനം

**No.KSCA/G/29/2025** **തീയതി : 06.01.2025**

സംസ്ഥാന സർക്കാർ ചലച്ചിത്ര അവാർഡ് പരിഗണനയ്ക്കായി 2024 വർഷം സെൻസർ ചെയ്യപ്പെട്ട മലയാള ചലച്ചിത്രങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും 2024- ൽ പുറത്തിറങ്ങിയ സിനിമാ സംബന്ധമായ പുസ്തകങ്ങളുടെയും, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെയും, രചയിതാക്കളിൽ നിന്നും അവാർഡ് നിയമാവലി നിഷ്കർഷിക്കും പ്രകാരം അപേക്ഷ ക്ഷണിക്കുന്നു. നിയമാവലിയും അപേക്ഷാ ഫോറവും അക്കാദമി വെബ്സൈറ്റായ www.keralafilm.com ൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിനുസമീപമുള്ള സ്റ്റാച്ച്യു റോഡിലെ അർച്ചന ബിൽഡിംഗിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ സിറ്റി ഓഫീസിൽ നിന്നും നേരിട്ട് സ്വീകരിക്കുകയോ 25/- രൂപ സ്റ്റാമ്പ് പതിച്ച് സ്വന്തം മേൽവിലാസമെഴുതിയ കവർ ഉള്ളടക്കംചെയ്ത് സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം ആന്റ് വീഡിയോപാർക്ക്, സൈനിക് സ്കൂൾ പി.ഒ, കഴക്കൂട്ടം, തിരുവനന്തപുരം - 695 585 എന്ന വിലാസത്തിൽ അപേക്ഷിച്ച് തപാൽ മാർഗം കൈപ്പറ്റുകയോ ചെയ്യാവുന്നതാണ്. അപേക്ഷകൾ **2025 ഫെബ്രുവരി 10 വൈകുന്നേരം 5** മണിയ്ക്ക് മുമ്പായി ലഭിക്കേണ്ടതാണ്.

**സെക്രട്ടറി (ഒപ്പ്)**

# GOVERNMENT OF KERALA

## Department of Cultural Affairs

## KERALA STATE AWARDS FOR

## MALAYALAM FILMS & WRITINGS ON CINEMA

# REGULATIONS

**I.** (1) These rules are called Regulations for Kerala State Awards for Malayalam Films & Writings on Cinema.

(1) ഈ ചട്ടങ്ങൾ മലയാള ചലച്ചിത്രങ്ങൾക്കും ചലച്ചിത്ര രചനകൾക്കുമുള്ള കേരള സംസ്ഥാന അവാർഡ് ചട്ടങ്ങൾ എന്ന് വിളിക്കപ്പെടും.

(2) The objective of the awards is to encourage the production of Malayalam films of high aesthetic and technical standards and of social, educational and cultural values.

(2) ഉന്നതമായ സൗന്ദര്യ ബോധവും സാങ്കേതിക തികവ് പുലർത്തുന്നതും, സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ മലയാള ചലച്ചിത്രങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡുകളുടെ ലക്ഷ്യം.

**II. The following section of awards are given:**
**(താഴെ പറയുന്ന വിഭാഗങ്ങൾക്ക് അവാർഡുകൾ നൽകുന്നു)**

### (a) Feature Films in Malayalam (മലയാള കഥാചിത്രങ്ങൾ)

| | | |
|---|---|---|
| **1. Award for the Best Feature Film** | : | A cash award of Rs.2,00,000/-, a replica and a certificate to the Producer. A cash award of Rs. 2,00,000/-, a replica and a certificate to the Director. |
| മികച്ച ചിത്രം | : | നിർമ്മാതാവിന് 2,00,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 2,00,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| **2. Award for the Second Best Feature Film** | : | A cash award of Rs.1,50,000/-, a replica and a certificate to the producer. A cash award of Rs. 1,50,000/-, a replica and a certificate to the Director. |
| മികച്ച രണ്ടാമത്തെ ചിത്രം | : | നിർമ്മാതാവിന് 1,50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 1,50,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |

| | | |
|---|---|---|
| **3. Award for the Best Director** | : | A cash award of Rs.2,00,000/-, a replica and a certificate. |
| മികച്ച സംവിധായകൻ | : | 2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **4. Award for the Best Actor** | : | A cash award of Rs.1,00,000/-, a replica and a certificate. |
| മികച്ച നടൻ | : | 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **5. Award for the Best Actress** | : | A cash award of Rs.1,00,000/-, a replica and a certificate. |
| മികച്ച നടി | : | 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **6. Award for the Best Character Artiste (Male)** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച സ്വഭാവനടൻ | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **7. Award for the Best Character Artiste (Female)** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച സ്വഭാവ നടി | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **8. Award for the Best Child Artiste (Boy)** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച ബാലതാരം (ആൺ) | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും |
| **9. Award for the Best Child Artiste (Girl)** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച ബാലതാരം (പെൺ) | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **10. Award for the Best Story Writer** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച കഥാകൃത്ത് | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **11. Award for the Best Cinematographer** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച ഛായാഗ്രാഹകൻ | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **12. Award for the Best Screenplay Writer** | : | A cash award of Rs.50,000/-, a replica and a certificate. |
| മികച്ച തിരക്കഥാകൃത്ത് | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |

| | | |
|---|---|---|
| **13.** | **Award for the Best Screenplay (Adaptation)** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച തിരക്കഥ (അഡാപ്റ്റേഷൻ) | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **14.** | **Award for the Best Lyricist** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച ഗാനരചയിതാവ് | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **15.** | **Award for the Best Music Director (Songs)** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച സംഗീത സംവിധായകൻ (ഗാനങ്ങൾ) | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **16.** | **Award for the Best Music Director (Background Score)** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച പശ്ചാത്തല സംഗീത സംവിധായകൻ | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **17.** | **Award for the Best Male Play-back Singer** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച പിന്നണിഗായകൻ | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **18.** | **Award for the Best Female Play-back Singer** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച പിന്നണിഗായിക | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **19.** | **Award for the Best Film Editor** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച എഡിറ്റർ | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **20.** | **Award for the Best Art Director** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച കലാസംവിധായകൻ | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **21.** | **Award for the Best Sync Sound** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച സിങ്ക് സൗണ്ട് | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **22.** | **Award for the Best Sound Mixing** | : A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച ശബ്ദമിശ്രണം | : 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |

| | | | |
|---|---|---|---|
| 23. | **Award for the Best Sound Design** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച ശബ്ദ രൂപകൽപ്പന | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 24. | **Award for the Best Processing Laboratory/Colourist** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച പ്രോസസിങ് ലാബ്/കളറിസ്റ്റ് | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 25. | **Award for the Best Makeup Artiste** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച മേക്കപ്പ് ആർട്ടിസ്റ്റ് | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 26. | **Award for the Best Costume Designer** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച വസ്ത്രാലങ്കാരം | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 27. | **Award for the Best Dubbing Artiste (Male)** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 28. | **Award for the Best Dubbing Artiste (Female)** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 29. | **Award for the Best Choreographer** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച നൃത്ത സംവിധാനം | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| 30. | **A Special Award for the Best Malayalam Film with Aesthetic Quality and Popular Appeal** | : | A cash award of Rs.1,00,000/-, a replica and a certificate to the Producer. A cash award of Rs. 1,00,000/-, a replica and a certificate to the Director. |
| | ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രത്തിനുള്ള പ്രത്യേക അവാർഡ് | : | നിർമ്മാതാവിനും സംവിധായകനും 1,00,000/- രൂപയും ശില്പവും പ്രശസ്തി പത്രവും വീതം. |
| 31. | **A Special Award for Promising Debut in Direction** | : | A cash award of Rs.1,00,000/-, a replica and a certificate. |
| | മികച്ച നവാഗത സംവിധാനം | : | 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |

| | | | |
|---|---|---|---|
| **32.** | **Award for the Best Children's Film** | : | A cash award of Rs.3,00,000/-, a replica and a certificate to the Producer. A cash award of Rs. 1,00,000/-, a replica and a certificate to the Director. |
| | മികച്ച കുട്ടികളുടെ ചിത്രം | : | നിർമ്മാതാവിന് 3,00,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. സംവിധായകന് 1,00,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| **33.** | **Award for the Best Visual Effects** | : | A cash award of Rs.50,000/-, a replica and a certificate. |
| | മികച്ച വിഷ്വൽ എഫക്ട്സ് | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |
| **34.** | **Special Award in any category for Women/Trangender** | : | A cash award of Rs.50,000/-, a replica and a certificate. |
| | സ്ത്രീ/ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കുള്ള പ്രത്യേക അവാർഡ് | : | 50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. |

## (b) Book/Article on Cinema in Malayalam
## (സിനിമയെക്കുറിച്ച് മലയാളത്തിലുള്ള ഗ്രന്ഥം/ലേഖനം)

| | | | |
|---|---|---|---|
| **1.** | **Award for the Best Book on Cinema in Malayalam** | : | A cash award of Rs.30,000/-, a replica and a certificate. |
| | സിനിമയെക്കുറിച്ച് മലയാളത്തിലുള്ള മികച്ച ചലച്ചിത്ര ഗ്രന്ഥം | : | രചയിതാവിന് 30,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |
| **2.** | **Award for the Best Article on Cinema in Malayalam** | : | A cash award of Rs.20,000/-, a replica and a certificate. |
| | സിനിമയെക്കുറിച്ച് മലയാളത്തിലുള്ള മികച്ച ചലച്ചിത്ര ലേഖനം | : | രചയിതാവിന് 20,000/- രൂപയും ശില്പവും പ്രശസ്തി പത്രവും. |

## EXPLANATORY NOTE

The terms 'Producer', 'Director', 'Cinematographer', 'Actor', 'Actress', 'Child Artiste', 'Story Writer', 'Screenplay Writer', 'Lyricist', 'Music Director', 'Playback Singer', 'Film Editor', 'Art Director', 'Sound Mixing', 'Makeup Artiste', 'Processing Laboratory/ Colourist', 'Costume Designer', 'Dubbing Artiste', Choreographer used in these rules shall refer to the terms as given in the credit titles of the film entered in the competition duly certified by the Central Board of Film Certification.

- Films made in Malayalam language, shot on film format or digital format and issued with censor certificate only are eligible for screening in Feature Film and Children's Film section.

- Films certified by Central Board of Film Certification as Children's Film only are eligible for screening in Children's Film section.
- The term 'Child Artiste' refers to Child Artiste under sixteen years of age.
- The term 'Author' refers to the name of the writer as shown in the published book.
- The term 'Writer' means one who has written the article.
- 'Article', means a writing/criticism on Malayalam cinema.

The final decision in case of any dispute regarding the eligibility of any entry will be on the basis of the certificates issued by the Central Board of Film Certification.

## വിശദീകരണ കുറിപ്പ്

ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന 'നിർമ്മാതാവ്', 'സംവിധായകൻ', 'ഛായാഗ്രാഹകൻ', 'നടൻ', 'നടി', 'ബാലതാരം', 'കഥാകൃത്ത്', 'തിരക്കഥാകൃത്ത്', 'ഗാനരചയിതാവ്', 'സംഗീതസംവിധായകൻ', 'പിന്നണിഗായകൻ', 'ഫിലിം എഡിറ്റർ', 'കലാസംവിധായകൻ', 'ശബ്ദമിശ്രണം', 'മേക്കപ്പ് ആർട്ടിസ്റ്റ്', 'പ്രോസസിംഗ് ലാബോറട്ടറി/കളറിസ്റ്റ്', 'കോസ്റ്റ്യൂം ഡിസൈനർ', 'ഡബ്ബിംഗ് ആർട്ടിസ്റ്റ്', 'കോറിയോ ഗ്രാഫർ', എന്നീ സാങ്കേതിക പദങ്ങൾ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ സർട്ടി ഫിക്കറ്റോടുകൂടി മത്സരത്തിന് യോഗ്യത നേടിയ സിനിമയുടെ ക്രെഡിറ്റ് ടൈറ്റിലിൽ നൽകിയിരി ക്കുന്ന സാങ്കേതിക പദങ്ങളെയാണ് പരാമർശിക്കുന്നത്.

- മലയാള ഭാഷയിൽ ഫിലിം ഫോർമാറ്റിലോ, ഡിജിറ്റൽ ഫോർമാറ്റിലോ ചിത്രീകരിക്കുകയും സെൻസർ സർട്ടിഫിക്കറ്റ് ലഭിച്ചതുമായ സിനിമകൾ മാത്രമേ കഥാചിത്രവിഭാഗത്തിലും കുട്ടി കളുടെ ചിത്രവിഭാഗത്തിലും പ്രദർശിപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.
- സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ 'കുട്ടികളുടെ സിനിമ' എന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള സിനിമകൾക്ക് മാത്രമേ കുട്ടികളുടെ സിനിമാ വിഭാഗത്തിൽ പ്രദർശിപ്പിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.
- 'ബാലതാരം' എന്നാൽ 16 വയസ്സിനു താഴെയുള്ളവർ ആയിരിക്കും.
- 'ഗ്രന്ഥകർത്താവ്' എന്നാൽ പ്രസിദ്ധീകൃതമായ പുസ്തകത്തിൽ നൽകിയിരിക്കുന്ന എഴുത്തു കാരന്റെ പേരായിരിക്കും.
- 'രചയിതാവ്' എന്നാൽ ലേഖനമെഴുതിയ ആൾ എന്ന് അർത്ഥമാകുന്നു.
- 'ലേഖനം' എന്നാൽ സിനിമയെക്കുറിച്ച് മലയാളത്തിലുള്ള ലേഖനമോ/നിരൂപണമോ ആകുന്നു.

ഏതെങ്കിലും എൻട്രിയുടെ കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടാവുകയാണെങ്കിൽ അന്തിമ തീരുമാനം ഇക്കാര്യത്തിൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കിയായിരിക്കും.

## III.

(1) The entry for the award will be submitted by the producer of the film along with a Demand Draft for Rs. 7,500/- as entry fee in favour of the Secretary, Kerala State Chalachitra Academy.

(2) The awards will be as per the details submitted in the entry form. If there is any change in any of the entries, it should be intimated by the producer of the film to the Secretary, Kerala State Chalachitra Academy, before the declaration of the awards, in signed affidavit on Rs. 200/- stamp paper. No change will be entertained after the declaration of results.

(3) There shall be a two tier system of judging committees i.e, Preliminary Selection Jury and Main Jury constituted by the government to examine and determine the awards.

**Preliminary Selection Jury**

The preliminary selection jury will have 8 members. There will be two sub committees with a Chairman and three members in each. The Chairman of the subcommittee should be a film director. One of the 3 members should be a technician while the others could be film critics, scholars or technician.

If there are 100 entries, the Pre-selection sub committees should watch 50 films each and

## III.

(1) അവാർഡിനുള്ള അപേക്ഷകൾ ചിത്രത്തിന്റെ നിർമ്മാതാവ് ആണ് സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ പേരിൽ എടുത്ത 7,500/- രൂപയുടെ ക്രോസ്ഡ് ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാഫീസായി ഹാജരാക്കിയിരിക്കണം.

(2) അവാർഡുകൾ നൽകുന്നത് അപേക്ഷ ഫോറത്തിൽ സൂചിപ്പിച്ചിട്ടുള്ള ആളുകൾക്കായിരിക്കും. അപേക്ഷാ ഫോറത്തിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ അവാർഡ് പ്രഖ്യാപനത്തിന് മുൻപ് 200/- രൂപ മുദ്രപത്രത്തിൽ ചിത്രത്തിന്റെ നിർമ്മാതാവ് അക്കാദമി സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിരിക്കണം. പ്രഖ്യാപനത്തിന് ശേഷം മാറ്റങ്ങൾ അനുവദിക്കുന്നതല്ല.

(3) അവാർഡ് നിർണയിക്കുന്നതിന് പ്രാഥമിക വിധി നിർണയ സമിതി, അന്തിമ വിധി നിർണയ സമിതി എന്നീ ദ്വിതല വിധിനിർണയ സമിതികളെ സർക്കാർ രൂപീകരിക്കും.

**പ്രാഥമിക വിധിനിർണയസമിതി**

പ്രാഥമിക വിധിനിർണയ സമിതിയിൽ ആകെ എട്ട് അംഗങ്ങളാണ് ഉണ്ടാവുക. സമിതിയിൽ രണ്ടു സബ് കമ്മിറ്റികൾ ഉണ്ടായിരിക്കും. ഒരു ചെയർമാനും മൂന്ന് അംഗങ്ങളും ഉൾപ്പെടുന്നതാണ് ഒരു സബ് കമ്മിറ്റി. സബ് കമ്മിറ്റിയുടെ ചെയർമാൻ ഒരു ചലച്ചിത്ര സംവിധായകൻ ആയിരിക്കണം. മറ്റ് മൂന്ന് അംഗങ്ങളിൽ ഒരാൾ നിർബന്ധമായും ഒരു സാങ്കേതിക വിദഗ്ധൻ ആയിരിക്കണം. മറ്റുള്ളവർ ചലച്ചിത്ര നിരൂപകരോ, ചലച്ചിത്ര പണ്ഡിതരോ സാങ്കേതിക വിദഗ്ധരോ ആവാം.

100 എൻട്രികൾ സമർപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രാഥമിക വിധിനിർണയ സമിതി 50 വീതം സിനിമകൾ കണ്ട് വിലയിരുത്തും.

nominate 30 films in total for the final selection. These 30 films will be screened before the Main Jury. The preliminary selection jury cannot nominate more than 30% of the total number of films received as entries. The Pre-Selection Subcommittees can nominate films to the different categories of awards. The final decision will be that of the Main Jury.

**Main Jury**

The Main Jury will have 7 members including the Jury Chairman. The Chairmen of the two Pre-Selection sub committees will be members of the Main Jury. Two of the members should be technicians while other two should be film critics/scholars. Jury Chairman should be an eminent film director from Malayalam or any other languages in India. Eighty percent of the members should know Malayalam. The films rejected by the Pre-Selection Jury can be recalled from the entry list by the Main Jury if at least four members endorse the same. These will be in addition to the short listed films.

The Secretary of the Kerala State Chalachitra Academy will be the Member Secretary of both the Preliminary and Main judging committees without voting right.

അവയിൽ നിന്ന് അന്തിമ വിധിനിർണയത്തിന് പരിഗണിക്കപ്പെടാൻ അർഹമായ 30 സിനിമകൾ രണ്ടു കമ്മിറ്റികൾക്കും കൂടി ശുപാർശ ചെയ്യാം. ഈ 30 സിനിമകൾ അന്തിമ വിധിനിർണയ സമിതിക്കു മുമ്പാകെ പ്രദർശിപ്പിക്കും. എൻട്രികളുടെ മൊത്തം എണ്ണത്തിൻെറ 30 ശതമാനത്തിൽ കൂടുതൽ സിനിമകൾ നോമിനേറ്റ് ചെയ്യാൻ പാടില്ല. പ്രീ സെലക്ഷൻ സബ് കമ്മിറ്റികൾക്ക് ഓരോ വിഭാഗത്തിലുള്ള അവാർഡുകൾക്ക് ചിത്രങ്ങളെ ശുപാർശ ചെയ്യാവുന്നതാണ്. എങ്കിലും അവസാന തീരുമാനം അന്തിമ വിധിനിർണയ സമിതിയുടേതായിരിക്കും.

**അന്തിമ വിധിനിർണയ സമിതി**

ജൂറി ചെയർമാൻ ഉൾപ്പെടെ ഏഴു പേരാണ് അന്തിമ വിധിനിർണയ സമിതിയിൽ ഉണ്ടാവുക. പ്രാഥമിക വിധിനിർണയ സമിതിയിലെ രണ്ട് സബ് കമ്മിറ്റി ചെയർമാൻമാർ അന്തിമ വിധിനിർണയ സമിതിയിൽ അംഗങ്ങളായിരിക്കും. രണ്ട് അംഗങ്ങൾ നിർബന്ധമായും സാങ്കേതിക വിദഗ്ധരായിരിക്കണം. മറ്റു രണ്ട് അംഗങ്ങൾ ചലച്ചിത്ര നിരൂപകരോ ചലച്ചിത്ര പണ്ഡിതരോ ആയിരിക്കണം. ജൂറി ചെയർമാൻ മലയാളത്തിലെയോ ഇന്ത്യയിലെ ഇതര ഭാഷകളിലെയോ പ്രഗൽഭനായ സംവിധായകൻ ആയിരിക്കണം. അംഗങ്ങളിൽ 80 ശതമാനം പേർ മലയാള ഭാഷ അറിയുന്നവർ ആയിരിക്കണം. പ്രാഥമിക വിധിനിർണയ സമിതി നിരസിക്കുന്ന ചിത്രങ്ങൾ അന്തിമവിധി നിർണയ സമിതിക്ക് എൻട്രി ലിസ്റ്റിൽ നിന്ന് തിരിച്ചു വിളിക്കണമെങ്കിൽ നാല് അംഗങ്ങളുടെ പിന്തുണയുണ്ടായിരിക്കണം. പ്രാഥമിക വിധിനിർണയ സമിതി ഷോർട്ട് ലിസ്റ്റ് ചെയ്ത ചിത്രങ്ങൾക്കു പുറമെയായിരിക്കും ഈ സിനിമകൾ.

ചലച്ചിത്ര അക്കാദമി സെക്രട്ടറി പ്രാഥമിക, അന്തിമ വിധിനിർണയ സമിതികളിൽ മെമ്പർ സെക്രട്ടറിയായിരിക്കും. ഇദ്ദേഹത്തിന് വോട്ട് രേഖപ്പെടുത്തുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

(4) The quorum for the final preview is six, including the Member Secretary. The quorum for final meeting to determine the award is also six, including the Member Secretary.

(5) A separate committee shall be constituted by the government to examine and select the Best Book/ Article on Cinema in Malayalam. The committee shall consist of four members. The Secretary of the Kerala State Chalachitra Academy or in his absence a person nominated by the Secretary, will be the Member Secretary, who shall have no voting power. The other three members of the committee including the Chairman shall be Malayalam writers or film critics with sufficient knowledge in cinema.

(6) All jury members should submit a signed affidavit in the prescribed format stating non-involvement of them or any close relative in the entries. The term 'close relative' refers to parents, grand parents, children, spouse, children-in-law and siblings.

(7) All jury members should maintain strict confidentiality regarding discussions in the jury meetings. In case the confidentiality clause is violated, member who violates will be barred for life from serving on any committees for selecting awards in the Kerala State Film Awards, IFFK, IDSFFK and the Kerala State Television Awards or by other committees with similar purpose.

(4) അന്തിമ വിധി നിർണ്ണയത്തിനുള്ള പ്രിവ്യൂവിനുള്ള ക്വാറം അക്കാദമി സെക്രട്ടറി ഉൾപ്പെടെ ആറ് ആയിരിക്കും. വിധി നിർണ്ണയ കമ്മിറ്റിയുടെ അവസാന മീറ്റിംഗിനുള്ള ക്വാറവും അക്കാദമി സെക്രട്ടറിയുൾപ്പെടെ ആറ് ആയിരിക്കും.

(5) സിനിമയെ സംബന്ധിച്ച് മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച ഏറ്റവും നല്ല പുസ്തകവും ലേഖനവും പരിശോധിച്ച് തെരഞ്ഞെടുക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റി സർക്കാർ രൂപീകരിക്കും. ഈ കമ്മിറ്റിയിൽ നാല് അംഗങ്ങൾ ഉണ്ടായിരിക്കും. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയോ അദ്ദേഹത്തിന്റെ അഭാവത്തിൽ സെക്രട്ടറിയുടെ നോമിനിയോ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കും. ഇദ്ദേഹത്തിന് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. ചെയർമാൻ ഉൾപ്പെടെയുള്ള മറ്റ് മൂന്ന് അംഗങ്ങളും സിനിമയെപ്പറ്റി പരിജ്ഞാനമുള്ള മലയാളം എഴുത്തുകാരോ ചലച്ചിത്ര നിരൂപകരോ ആയിരിക്കണം.

(6) അധ്യക്ഷനായോ അംഗമായോ ജഡ്ജിംഗ് കമ്മിറ്റിയിൽ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ വ്യക്തികളും തന്റെയോ ഉറ്റ ബന്ധുവിന്റെയോ ചലച്ചിത്രങ്ങളോ സൃഷ്ടികളോ വിധി നിർണ്ണയത്തിനുള്ള എൻട്രികളിൽ ഇല്ല എന്ന സത്യവാങ്മൂലം നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. മാതാപിതാക്കൾ, പിതാമഹൻ, മക്കൾ, ഭാര്യ/ഭർത്താവ്, മരുമക്കൾ, സഹോദരങ്ങൾ എന്നിവരെയാണ് ‘അടുത്ത ബന്ധുക്കൾ’ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്.

(7) വിവിധ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾക്കായുള്ള നിർദ്ദേശങ്ങളെയും പരിഗണനകളെയുംപ്പറ്റി കമ്മിറ്റി അംഗങ്ങൾ നിർബന്ധമായും രഹസ്യസ്വഭാവം പുലർത്തേണ്ടതാണ്. ഇക്കാര്യം ഏതെങ്കിലും വിധികർത്താവ് ലംഘിക്കുകയാണെങ്കിൽ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള, ഇന്റർനാഷണൽ ഡോക്യുമെന്ററി & ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള, സംസ്ഥാന ടെലിവിഷൻ അവാർഡ് തുടങ്ങി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തുന്ന എല്ലാ മത്സരങ്ങളിലും വിധികർത്താവാകുന്നതിൽ നിന്നും ആജീവനാന്തം അയോഗ്യനാക്കപ്പെടുന്നതാണ്.

(8) The jury will have the discretion not to recommend an award to a category if they find no entry of suitable quality.

(9) The decision of the jury is final and no appeal and correspondence in this matter will be entertained.

(10) The term of the non-official members of the committees shall be five months from the date of constitution of the committee.

(11) A person who has made an entry to the any category of the Kerala State Film Awards shall abide by all the Regulations for Kerala State Awards for Malayalam Film and Writings on Cinema and he should not question the decision of the jury. The applicant has to submit a signed affidavit duly notorised to this effect in Rs. 200/- stamp paper. In case of violation, his/her or the firm's entry will not be considered for the Kerala State Film Award.

(12) Films are to be submitted in digital format in open DCP (unencrypted) or Blu- ray format with right for any number of screenings for the jury for deciding the award. If film cannot be viewed by the jury due to technical fault or KDM lock, it will be the responsibility of the producer for the film being not considered for the awards.

(8) ഏതെങ്കിലും വിഭാഗത്തിലേക്കുള്ള എൻട്രികൾ നിലവാരം പുലർത്താതിരിക്കുന്നതായി കണ്ടെത്തിയാൽ ആ വിഭാഗത്തിലേക്കുള്ള പുരസ്കാരം നൽകേണ്ടതില്ലെന്ന് നിർദ്ദേശിക്കുവാനുള്ള വിവേചനാധികാരം കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

(9) വിധിനിർണ്ണയസമിതിയുടെ തീരുമാനം അന്തിമവും അതിന്മേൽ യാതൊരുവിധ അപ്പീലുകളോ എഴുത്തുകുത്തുകളോ സ്വീകരിക്കുന്നതുമല്ല.

(10) കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി കമ്മിറ്റി രൂപീകരിച്ച തീയതി മുതൽ അഞ്ച് മാസംവരെയായിരിക്കും.

(11) കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കുന്ന ഏതൊരാളും ഈ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വ്യവസ്ഥകളും അംഗീകരിക്കേണ്ടതും പാലിക്കേണ്ടതും അതിന് വിധേയനായിരിക്കേണ്ടതുമാണ്. പുരസ്കാരത്തിനായി അപേക്ഷിക്കുന്ന വ്യക്തി/സ്ഥാപനം ഈ ചട്ടങ്ങളെ അംഗീകരിച്ചതായും വിധിനിർണ്ണയസമിതിയുടെ തീരുമാനങ്ങളെ ചോദ്യം ചെയ്യുകയില്ലെന്നും നോട്ടറി മുൻപാകെ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം 200/- രൂപ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഇക്കാര്യം ലംഘിക്കുകയാണെങ്കിൽ പ്രസ്തുത വ്യക്തിയുടെ/സ്ഥാപനത്തിന്റെ സൃഷ്ടികൾ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല.

(12) പുരസ്കാരത്തിനായി സമർപ്പിക്കുന്ന ചലച്ചിത്രങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ ഓപ്പൺ ഡി.സി.പിയിലോ (unencrypted) ബ്ലൂ-റേ ഡിസ്കിലോ സമർപ്പിക്കേണ്ടതാണ്. ഇത് അവാർഡ് സ്ക്രീനിംഗിന് വേണ്ടി എത്ര തവണയും പ്രദർശിപ്പിക്കുവാൻ കഴിയുന്ന രീതിയിലായിരിക്കണം സമർപ്പിക്കേണ്ടത്. സാങ്കേതിക കാരണങ്ങൾ മൂലമോ കെ.ഡി.എം ലോക്ക് മൂലമോ പ്രദർശിപ്പിക്കുവാൻ കഴിയാതെ വന്നു കഴിഞ്ഞാൽ ചിത്രം അവാർഡിന് പരിഗണിക്കാതെ പോകുന്നതിന്റെ ഉത്തരവാദിത്തം നിർമ്മാതാവിനായിരിക്കും.

**IV.** The Kerala State Chalachitra Academy shall arrange the screening of films before the Committee to examine the quality of films and the merits of artistes, producers, directors and technicians. The academy reserves the right to utilise the screening of films to allow public entry in the theatre on a nominal charge.

**V.**(1) Entries for the award shall be invited every year by the Academy through a notification published in two Malayalam Dailies and one English Daily and in the official website of the Academy. A press release will also be issued.

(2) Only films respect of which Censor Certificate were issued in the calendar year specified in the notification are eligible for entry.

(3) Application for entry shall be in the prescribed form which can be downloaded from the Academy website www.keralafilm.com or obtained directly from the Academy on request in writing or by sending a request with an envelope affixed with stamp for Rs. 25.

(4) The entry should reach the Academy in time with complete details called for. Application for film award should be accompanied by a Demand Draft for Rs. 7,500/- drawn in favour of the Secretary, Kerala State Chalachitra Academy.

**IV.** ചലച്ചിത്രങ്ങളുടെ ഗുണമേന്മയും കലാകാരന്മാർ, നിർമ്മാതാക്കൾ, സംവിധായകർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരുടെ തികവും പരിശോധിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി കമ്മിറ്റി മുൻപാകെ പ്രദർശനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യും. അവാർഡ് കമ്മിറ്റിയുടെ മുൻപാകെ പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ ഒരു നിശ്ചിത തുക ഈടാക്കി പൊതുജനങ്ങൾക്ക് കാണുന്നതിന് അവസരമുണ്ടാക്കാൻ അക്കാദമിക്ക് അധികാരമുണ്ടായിരിക്കും.

**V.**(1) അക്കാദമി ഓരോ വർഷവും അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം രണ്ട് മലയാള പത്രങ്ങളിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പരസ്യത്തിലൂടെയും അക്കാദമി വെബ്സൈറ്റിലൂടെയും പത്രക്കുറിപ്പിലൂടെയും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) വിജ്ഞാപനത്തിൽ വ്യക്തമാക്കിയ കലണ്ടർ വർഷത്തിൽ സെൻസർ സർട്ടിഫിക്കറ്റ് നൽകപ്പെട്ട ചലച്ചിത്രങ്ങൾക്ക് മാത്രമേ എൻട്രിയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു.

(3) അപേക്ഷാ ഫോറം അക്കാദമിയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതും അക്കാദമിയിൽ നിന്നും നേരിട്ടും, 25 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസമെഴുതിയ കവർ സഹിതം അപേക്ഷിച്ചാൽ തപാൽ വഴിയും ലഭിക്കുന്നതാണ്.

(4) വിജ്ഞാപനത്തിൽ പ്രതിപാദിച്ച തീയതിക്കും സമയത്തിനും മുൻപ് ലഭിക്കത്തക്കവണ്ണം പൂർണ്ണമായ അപേക്ഷകൾ സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്ന പേരിലെടുത്ത 7,500/- രൂപയുടെ ബാങ്ക് ഡി.ഡി സഹിതം അക്കാദമിയിൽ എത്തിച്ചിരിക്കണം.അപൂർണ്ണമായവ നിര

Application incomplete in any respect will be summarily rejected. The following is the checklist for the entry.

(i) Filled in Entry Form (including 11 photocopies) along with a Demand Draft of Rs.7,500/- in favour the Secretary, Kerala State Chalachitra Academy.

(ii) A copy of the film in digital format in open DCP (unencrypted) or Blu-ray format with right for any number of screenings for the jury for deciding the award.

(iii) A DVD/Pendrive with film clippings.

(iv) Eleven copies of the lyrics of the songs and DVD/Pendrive containing all the songs in the original version, with names of the Music Director, Lyricist and Play-back Singer of each song mentioned separately. Remixed recreated version of an old song will not be considered.

(v) Eleven copies of the synopsis of the film, written in not more than two pages; both in Malayalam and English.

(vi) Eleven written copies of the cast, mentioning the respective role against each artiste along with the address of each artiste.

(vii) Five different photographs of scenes with characters of the film in a DVD/Pendrive.

(viii) One copy of the brochure, if any, and one copy of posters if available.

സിക്കാനുള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. അപേക്ഷയോടൊപ്പം താഴെ കൊടുത്തിരിക്കുന്നവ നിർബന്ധമായും ഉണ്ടാവണം.

(i) പൂരിപ്പിച്ച എൻട്രി ഫോറം (പതിനൊന്ന് പകർപ്പുകൾ ഉൾപ്പെടെ) 7,500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം.

(ii) അവാർഡ് നിർണ്ണയിക്കുന്നതിന് ജൂറിമാരുടെ മുന്നിൽ നിരവധി തവണ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി സഹിതം ഡിജിറ്റൽ ഫോർമാറ്റിൽ ഓപ്പൺ ഡി.സി.പി (unencrypted) അല്ലെങ്കിൽ ബ്ലൂ-റേ ഡിസ്കിൽ സിനിമയുടെ ഒരു കോപ്പി.

(iii) ചലച്ചിത്രത്തിന്റെ ക്ലിപ്പിങ്ങുകൾ ഡി.വി.ഡി/പെൻഡ്രൈവ് ഫോർമാറ്റിൽ.

(iv) ഗാനങ്ങളുടെ ടൈപ്പ് ചെയ്ത 11 കോപ്പി, സംഗീത സംവിധായകന്റെയും ഗാനരചയിതാവിന്റെയും പിന്നണിഗായകരുടെയും പേരുകൾ ഓരോ ഗാനത്തോടൊപ്പം പ്രത്യേകം രേഖപ്പെടുത്തണം. എല്ലാ ഗാനങ്ങളും ഉൾക്കൊള്ളുന്ന ഡി.വി.ഡി/പെൻഡ്രൈവ്. റീമിക്സ് ചെയ്തതോ പുനരാവിഷ്കരിച്ചതോ ആയ ഗാനങ്ങൾ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല.

(v) കഥാസാരത്തിന്റെ 11 കോപ്പി രണ്ട് പേജിൽ കവിയാതെ ഇംഗ്ലീഷിലും മലയാളത്തിലും ടൈപ്പ് ചെയ്തത്.

(vi) അഭിനേതാക്കളുടെ പേരും വിലാസവും അവർ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങളുടെ പേരിന് നേരെ എഴുതി ടൈപ്പ് ചെയ്ത 11 കോപ്പി.

(vii) ചിത്രത്തിലെ കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന വിവിധ രംഗങ്ങളുടെ സ്റ്റിൽ ഫോട്ടോഗ്രാഫിന്റെ പകർപ്പ് ഡി.വി.ഡി/പെൻഡ്രൈവ് ഫോർമാറ്റിൽ.

(viii) ലഭ്യമാണെങ്കിൽ ലഘുലേഖകളുടെയും പോസ്റ്ററുകളുടെയും ഒരു കോപ്പി.

(ix) Eleven Certified copies of the Certificate issued by the Central Board of Film Certification.

(x) The dubbing artiste's names should be written against the name of the actor/actress for whom he/she has dubbed (11 copies)

(xi) Passport size photographs of the producer, director, technicians, actors/actresses and dubbing artists etc. DVD format/ Pendrive.

(xii) An affidavit duly notorised stating that the film submitted is the version which had been certified by the Central Board of Film Certification and has not been altered after censoring, the film is not a dubbed or revised version of an old film, should be submitted on Rs. 200/- stamp paper.

(xiii) An affidavit as provided in Regulation III (11).

(5) All transport costs on the consignment and return of the film and publicity materials shall be borne by the entrant.

(6) All films shall be submitted at the owner's risk and the Academy shall take all necessary care of the film submitted, but shall not be responsible for any damage to the film while in the possession of the Academy.

(7) The classification as Feature Film and Children's Film will be based on the Censor Board Certificate.

(ix) കേന്ദ്രസെൻസർ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ 11 കോപ്പി.

(x) അഭിനേതാക്കളുടെ പേരിനു നേരെ അവർക്ക് ശബ്ദം നൽകിയവരുടെ പേരുകൾ ടൈപ്പ് ചെയ്ത 11 കോപ്പി.

(xi) നിർമ്മാതാവ്, സംവിധായകൻ, സാങ്കേതിക വിദഗ്ധർ, അഭിനേതാക്കൾ, ഡബ്ബിംഗ് ആർട്ടിസ്റ്റുകൾ എന്നിവരുടെ പാസ്പോർട്ട് സൈസ് ഫോട്ടോകൾ അടങ്ങിയ ഡി.വി.ഡി/പെൻഡ്രൈവ്.

(xii) മത്സരത്തിന് സമർപ്പിക്കുന്ന ചിത്രം സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ സാക്ഷ്യപ്പെടുത്തിയതു തന്നെയാണെന്നും അതിനു ശേഷം മറ്റ് മാറ്റങ്ങളോ തിരുത്തലുകളോ ഒന്നും തന്നെ വരുത്തിയിട്ടില്ലെന്നും, മറ്റു ഭാഷാ ചിത്രങ്ങൾ ഡബ്ബോ, റീ-മേക്കോ ചെയ്തതല്ലെന്നും മറ്റുചിത്രങ്ങളിൽ നിന്ന് പകർത്തിയതോ സ്വീകരിച്ചതോ പഴയ ചിത്രത്തെ പരിഷ്ക്കരിച്ചതോ അല്ലെന്നുമുള്ള സാക്ഷ്യപത്രം 200/- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ സമർപ്പിക്കേണ്ടതാണ്.

(xiii) റെഗുലേഷൻ III (11)- ൽ പറഞ്ഞ പ്രകാരമുള്ള സാക്ഷ്യപത്രം.

(5) ചലച്ചിത്രവും പരസ്യസാധനങ്ങളും മറ്റും കൊണ്ടു വരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനുമുള്ള ചെലവ് അപേക്ഷകൻ വഹിക്കണം.

(6) ചിത്രങ്ങൾ ഉടമസ്ഥന്റെ ഉത്തരവാദിത്തത്തിൽ സമർപ്പിക്കണം. അക്കാദമി അതിന്മേൽ ആവശ്യമുള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള നഷ്ടം സംഭവിക്കുകയോ ഉപയോഗശൂന്യമാവുകയോ ചെയ്താൽ അക്കാദമി ഉത്തരവാദിയായിരിക്കില്ല.

(7) ഫീച്ചർ ഫിലിം, കുട്ടികളുടെ ചിത്രം എന്നിങ്ങനെയുള്ള വേർതിരിവ് സെൻസർ ബോർഡ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പ്രകാരമായിരിക്കും.

(8) Entries entered in one section shall not be eligible for entry in another section. The Best Child Artiste will be judged from among the Feature Films and children's Films.

(9) No award shall be given in a section for which the number of entries received is less than two except in the case of Children's Film. Even if only one children's film is received, it will be considered for an award, provided the committee makes a recommendation.

(10) (a) Films which are produced violating Copyrights or dubbed/revised/copied version of any other film shall not be considered for the awards under these rules. A signed affidavit to this effect is to be submitted by the entrant. However recreated or adapted films will be considered for individual awards except Best Film, Second Film, Best Director, Best Story and Best Screenplay.

(b) Any violation of the Copyright Act, if proved, will cancel the film from the recommendation for selection of an award.

(11) The Chairman, the Secretary, the Executive Board Members and the officials of the Academy are not eligible for individual awards.

(12) The Committee shall have the discretion to recommend a Special Award of Rs. 50,000/-, a replica

(8) ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷ മറ്റൊരു വിഭാഗത്തിൽ പരിഗണിക്കുന്നതല്ല. ഏറ്റവും നല്ല ബാലതാരത്തിനെ കഥാചിത്രങ്ങളിൽ നിന്നോ, കുട്ടികളുടെ ചിത്രങ്ങളിൽ നിന്നോ അവാർഡിന് പരിഗണിക്കും.

(9) കുട്ടികളുടെ ചിത്രം ഒഴികെ മറ്റു വിഭാഗത്തിൽ രണ്ടിൽ കുറഞ്ഞ എൻട്രികൾ ലഭിക്കുകയാണെങ്കിൽ അവാർഡിന് പരിഗണിക്കുന്നതല്ല. എന്നാൽ കുട്ടികൾക്ക് വേണ്ടിയുള്ള ചിത്രങ്ങൾ ഒരു ചിത്രമായാലും കമ്മിറ്റിയുടെ ശുപാർശ പ്രകാരം അവാർഡിന് പരിഗണിക്കുന്നതാണ്.

(10) (a)പുതുതായി ശബ്ദരേഖ പതിപ്പിച്ചതും (Dubbed) തിരുത്തലുകൾ വരുത്തിയതും (Revised) പകർപ്പവകാശ നിയമം ലംഘിച്ചതും മലയാളത്തിലോ അന്യഭാഷകളിലോ ആദ്യം നിർമ്മിക്കപ്പെട്ടതിനുശേഷം പകർത്തിയതോ പരിഷ്കരിച്ചോ പുറത്തിറക്കിയതുമായ ചിത്രങ്ങൾ അവാർഡിന് പരിഗണിക്കില്ല. എന്നാൽ പുനരാവിഷ്ക്കരിച്ച ചിത്രങ്ങളെ മികച്ച ചിത്രം, മികച്ച രണ്ടാമത്തെ ചിത്രം, കഥ, തിരക്കഥ, സംവിധാനം എന്നീ വിഭാഗങ്ങളിൽ ഒഴികെയുള്ള വ്യക്തിഗത അവാർഡുകൾക്ക് പരിഗണിക്കാവുന്നതാണ്.

(b) പകർപ്പവകാശ നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചുവെന്ന് തെളിയിക്കപ്പെട്ടാൽ ചലച്ചിത്രം പുരസ്കാരത്തിൽ നിന്ന് തെരഞ്ഞെടുക്കുന്നതിൽ നിന്ന് റദ്ദാക്കപ്പെടുന്നതാണ്.

(11) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിലെ ജീവനക്കാർ, സെക്രട്ടറി, ചെയർമാൻ, എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങൾ എന്നിവർ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിലെ വ്യക്തിഗത അവാർഡിന് യോഗ്യരായിരിക്കുന്നതല്ല.

(12) കമ്മിറ്റിയുടെ മുൻപാകെ പ്രദർശിപ്പിക്കുന്ന ചിത്രങ്ങളിൽ ചലച്ചിത്രകലയുടെ ഏതെങ്കിലുമൊരു വിഭാഗത്തിൽ മികച്ച വൈഭവം കാഴ്ചവെയ്ക്കുന്ന ചിത്രത്തിനോ,

and certificate to outstanding brilliance in any aspect of cinematic art in the films screened before the committee.

(13) Canvassing in any form shall make the entry invalid and disqualify it for awards.

(14) The last date of entry may be relaxed at the discretion of the Academy in exceptional cases.

(15) The award shall be presented to the winners at a function which may be held at such place and on such date as the Academy may decide.

(16) The award winners shall recieve the awards in person at the function or they shall receive it from the Academy on any working day within one month after the day of the function. If they fail to do so the award will be sent to the respective winners by registered post.

(17) The Academy shall be entitled to retain open DCP of the film which receives an award for Best Film, Best Second Film, Best Director, Best Debutant Director, Film with Aesthetic Quality and Popular Appeal and Best Children's Film. The Academy shall reimburse to the producer the cost of the DCP. Reimbursement will be made only if a brand new DCP is made available within three months from the date of announcement of the awards.

(18) The Academy will have the right to screen such award winning films with or without tickets in connection with functions organised by the Academy or the Government.

വ്യക്തിക്കോ 50,000 രൂപയുടെ പ്രത്യേക ക്യാഷ് അവാർഡും ഫലകവും സർട്ടിഫിക്കറ്റും ശുപാർശ ചെയ്യുന്നതിന് കമ്മിറ്റിക്ക് വിവേചനാധികാരം ഉണ്ടായിരിക്കും.

(13) ഏതെങ്കിലും തരത്തിൽ സ്വാധീനിക്കുന്നത് എൻട്രിയെ അസാധുവാക്കുകയും അവാർഡിന് അർഹതയില്ലെന്ന് വിധിക്കപ്പെടുകയും ചെയ്യും.

(14) പ്രത്യേക സാഹചര്യങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതികളിൽ ഇളവ് നൽകുന്നതിനുള്ള വിവേചനാധികാരം അക്കാദമിക്കുണ്ടായിരിക്കും.

(15) അക്കാദമി തീരുമാനിക്കുന്ന സ്ഥലത്തും തീയതിയിലും ചടങ്ങ് നടത്തി ജേതാക്കൾക്ക് അവാർഡ് വിതരണം ചെയ്യുന്നതാണ്.

(16) അവാർഡ് ജേതാക്കൾക്ക് അവാർഡ് പ്രസ്തുത ചടങ്ങിൽ വച്ചോ, അല്ലെങ്കിൽ ഒരു മാസത്തിനകമുള്ള പ്രവൃത്തി ദിവസങ്ങളിൽ അക്കാദമി ഓഫീസിൽ നിന്നോ സ്വീകരിക്കാവുന്നതാണ്. ഇങ്ങനെ വാങ്ങാൻ കഴിയില്ലെങ്കിൽ അവാർഡുകൾ ജേതാക്കൾക്ക് തപാൽ വഴി രജിസ്റ്റർ ചെയ്ത് അയച്ചുകൊടുക്കും.

(17) അവാർഡ് ലഭിക്കുന്ന ഒരു ചിത്രത്തിന്റെ ഡിജിറ്റൽ കോപ്പി അക്കാദമിക്ക് സൂക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കും. അവാർഡ് പ്രഖ്യാപിച്ച മൂന്ന് മാസങ്ങൾക്കകം പുതിയ ഡിജിറ്റൽ കോപ്പി അക്കാദമിക്ക് നൽകേണ്ടതാണ്. പുതിയ ഡിജിറ്റൽ കോപ്പി എടുക്കുന്നതിന് ചെലവായ തുക തദവസരത്തിൽ അക്കാദമി നിർമ്മാതാവിന് നൽകുന്നതാണ്.

(18) അവാർഡ് ലഭിക്കുന്ന ചിത്രങ്ങൾ ടിക്കറ്റു വെച്ചോ അല്ലാതെയോ അക്കാദമിയോ സർക്കാരോ നടത്തുന്ന പരിപാടികളിൽ പ്രദർശിപ്പിക്കുന്നതിന് അവകാശമുണ്ട്.

## VI. Entry for Books & Articles

(1) Only Books/Articles on Cinema in Malayalam published in the calendar year specified in the notification are eligible for entry in the competition.

(2) Translations, abridgements and edited or annotated works are not eligible for the award.

(3) Books and Articles republished or contents copied from other's texts will not be eligible for competition.

(4) Books/Articles can be entered by the author, writer or the publisher. But the award will be given to the author/writer.

(5) The following materials should be issued along with the application.

(a) Filled in Entry form 6 copies (including the original)

(b) Six copies of the Book/Articles entered for the award including an original copy.

(c) Two photographs and short biographical sketch of the author/writer.

(d) Signed affidavit stating the Book/Articles is an original work and has not violated the Copyright Act.

## VI. പുസ്തകം & ലേഖനം

(1) വിജ്ഞാപനത്തിൽ വ്യക്തമാക്കിയ കലണ്ടർ വർഷത്തിൽ പ്രസിദ്ധീകരിച്ച പുസ്തകം, ലേഖനം, എന്നിവയ്ക്കു മാത്രമേ എൻട്രിക്ക് അർഹതയുണ്ടായിരിക്കുകയുള്ളു.

(2) തർജ്ജമ, സംഗ്രഹം, എഡിറ്റ് ചെയ്തത് തുടങ്ങിയ പുസ്തകങ്ങൾക്കും ലേഖനങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(3) മറ്റ് എഴുത്തുകാരുടെ പുസ്തകങ്ങളിൽ നിന്ന് കടമെടുത്ത് പകർത്തിയതോ പുനഃപ്രസിദ്ധീകരണങ്ങളോ ആയ പുസ്തകങ്ങൾക്കും ലേഖനങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(4) എഴുത്തുകാരനോ പ്രസാധകനോ മത്സരത്തിൽ പങ്കെടുക്കാം. എന്നാൽ അവാർഡ് എഴുത്തുകാരനായിരിക്കും നൽകുക.

(5) അപേക്ഷയോടൊപ്പം താഴെപ്പറയുന്നവ നിർബന്ധമായും അക്കാദമിയിൽ സമർപ്പിക്കണം.

(a) പൂരിപ്പിച്ച എൻട്രി ഫോം 6 എണ്ണം (അസ്സൽ പകർപ്പ് സഹിതം)

(b) അവാർഡിന് മത്സരിക്കുന്ന പുസ്തകത്തിന്റെ/ലേഖനത്തിന്റെ അസ്സൽ പകർപ്പ് ഉൾപ്പടെ ആറ് എണ്ണം.

(c) എഴുതിയ ആളിനെ സംബന്ധിച്ച ഒരു ലഘു വിവരണവും രണ്ടു ഫോട്ടോഗ്രാഫും.

(d) മൗലിക രചനയാണെന്നും പകർപ്പവകാശ നിയമം ലംഘിച്ചിട്ടില്ല എന്നതിനുമുള്ള സാക്ഷ്യപത്രം.

## CHECK LIST FOR FEATURE FILM

- [ ] Affidavit in the prescribed format* (Notarised)
- [ ] Pendrive (Copy of Film Clippings)
- [ ] Brochure, Poster
- [ ] Filled up Entry Form (11 Copies) (Original and 10 copies)
- [ ] Details of songs along with Pendrive
- [ ] Censor Certificate (11 Copies)
- [ ] Demand Draft of Rs. 7,500/- or Bank Transfer *
- [ ] Synopsis (English & Malayalam)
- [ ] Details of Dubbing Artistes (11 Copies)
- [ ] 2K DCP (unencrypted) or Blu-ray Disc *
- [ ] Name and Address of Actors and all Technicians
- [ ] Photographs in Pendrive (Director, Producer, Artistes, Technician etc.)
- [ ] Scene stills from the film in Pendrive

*** നിയമാവലി ഖണ്ഡിക 3 (11) ലെ സാക്ഷ്യപത്രവും 4 (xii) ലെ സാക്ഷ്യപത്രവും ഒരുമിച്ച് ഒരു മുദ്രപത്രത്തിൽ സമർപ്പിച്ചാൽ മതി. മാതൃക അപേക്ഷയോടൊപ്പം ലഭ്യമാണ്.**

*** For Bank Transfer : NAME: Kerala State Chalachitra Academy**
**ACCOUNT NO :10270825382, IFSC : SBIN0070445, BRANCH: KAZHAKUTTAM**
**Transaction Details അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

*** സമർപ്പിക്കുന്ന സിനിമകൾക്ക് ഇംഗ്ലീഷ് സബ്ടൈറ്റിൽ ഉള്ളത് അഭികാമ്യമായിരിക്കും.**

## CHECK LIST FOR BOOKS & ARTICLES

- [ ] Filled up Entry Form (Original with 6 copies)
- [ ] 2 Photographs (Writer)
- [ ] Book/Article (Original)
- [ ] Signed Affidavit (Notarised)
- [ ] Six Copies of the Book/Article
- [ ] Short Biographical Sketch of the writer

**KERALA STATE CHALACHITRA ACADEMY**
Centre for International Film Research & Archives (CIFRA)
Sathyan Memorial Building, Kinfra Film & Video Park,
Sainik School.P.O., Kazhakuttom, Thiruvananthapuram - 695 585
Tel: +91 471 2756622, 2754422
e-mail: office@keralafilm.com, website: keralafilm.com

**City Office:** Archana Building, Near St.Joseph's School, Statue Road,
Thiruvananthapuram - 695 001.

## SCHEDULE I

## KERALA STATE AWARD FOR MALAYALAM FILMS - 2024

## AFFIDAVIT

**(To be submitted on Non judicial Stamp Paper of value Rs. 200/-)**

**Title of the Film :..........................................................................................................**

**I hereby declare that :**

(i) The information furnished in the entry Form and other related forms is true to the best of my knowledge.

(ii) The names indicated in the entry form tally with the credit titles appearing in the film.

(iii) That the musical score used is original.

(iv) The version of the submitted, represents the ORIGINAL version certified by CBFC.

(v) The film has not violated the Copyright Act and not a dubbed or revised version of an old film.

(vi) I agree to abide by the Rules and Regulations and decisions of the jury for the Kerala State Film Awards.

**Signature**

Name of the Producer:..............................................................

Address :.........................................................................

.........................................................................................

.........................................................................................

Mobile:..........................................................................

E-mail ID :......................................................................

## SCHEDULE II

## KERALA STATE AWARD FOR WRITINGS ON MALAYALAM FILMS - 2024

## AFFIDAVIT
## (For Writing)

**(To be submitted on Non judicial Stamp Paper of value Rs. 200/-)**

**Title of the Book/Article :..........................................................................................**

**I hereby declare that :**

(i) The information furnished in the entry Form and other related forms is true to the best of my knowledge and belief.

(ii) The names indicated in the entry form tally with the credit titles appearing in the book/article.

(iii) The book/article is an original work and has not violated the Copyright Act.

(iv) I agree to abide by the Rules and Regulations and decisions of the jury for the Kerala State Film Awards.

**Signature**

Name of the Author:.............................................................

Address :.........................................................................

.............................................................................................

.............................................................................................

Mobile:.........................................................................

E-mail ID :.......................................................................